(സി) ഇതുസംബന്ധിച്ച് കേസിന്റെ അന്വേഷണം തിരുവനന്തപുരം സിറ്റി നർക്കോട്ടിക് സെൽ പോലീസ് അസിസ്റ്റന്റ് കമ്മീഷണർ നടത്തി വരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിവാവുകയുള്ളൂ.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. അറസ്റ്റ് ചെയ്യപ്പെട്ടവരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കണമെന്നും അവരുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കരുതെന്നുമുള്ള കർശന നിർദ്ദേശം എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

പോലീസ് സേനയിലെ പ്രൊമോഷൻ

86(5671) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എസ്.ഐ.സി.ഐ. തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഡി.പി.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഡി.പി.സി. യോഗം കൂടുന്ന തീയതി എന്നാണെന്ന് അറിയിക്കുമോ ;

(ഡി) അടിയന്തരമായി എസ്.ഐ.സി.ഐ. പ്രൊമോഷൻ നടപടികൾ ആരംഭിക്കുമോ ;

(ഇ) എസ്.ഐ., സി.ഐ. ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിന്റെ സെലക്ട് ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) നിലവിൽ എസ്.ഐ.-മാരുടെ നേരിട്ടുള്ള നിയമനത്തിനായി 207 ഒഴിവുകളും 16 എൻ.ജെ.ഡി. ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സി.ഐ.-മാരുടെ ഒഴിവുകൾ നിലവിലില്ല.

(ബി-ഡി) സി.ഐ. തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് എസ്.ഐ.മാരുടെ സെലക്ട് ലിസ്റ്റ് നിലവിൽ ഉണ്ട്. എന്നാൽ എസ്.ഐ. തസ്തികയിലേക്കുള്ള പ്രൊമോഷനായി എ.എസ്.ഐ.-മാരുടെ സെലക്ട് ലിസ്റ്റ് നിലവിലില്ല. സീനിയോറിറ്റി തർക്കം നിലനിൽക്കുന്നതിനാൽ എസ്.ഐ. പ്രൊമോഷനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡി.പി.സി. കൂടുവാൻ നിർവ്വാഹമില്ല.

(ഇ) നിലവിലെ എസ്.ഐ. സെലക്ട് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. സി.ഐ. സെലക്ട് ലിസ്റ്റ് നിലവിലില്ല.*

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly